നിറവ് പദ്ധതി

237 (1676) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'നിറവ്' പദ്ധതി കുട്ടനാട്ടിൽ നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

കുട്ടനാട് നിയോജക മണ്ഡലം നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കനത്ത മഴയിൽ വാമനപുരം നിയോജക മണ്ഡലത്തിലുണ്ടായ കൃഷിനാശം

238 (1677) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 വർഷത്തിൽ പലപ്പോഴായി പെയ്ത കനത്ത മഴയിൽ വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നാശം സംഭവിച്ച കാർഷിക വിളകൾ ഏതെല്ലാം ; ഇവയുടെ എണ്ണവും വ്യാപ്തിയും നഷ്ടംവന്ന തുകയും എത്ര വീതമാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രകൃതി ദുരന്തങ്ങളിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ഓരോ വിളകൾക്കും എത്ര രൂപ വീതമാണ് നഷ്ടപരിഹാരമായി നൽകി വരുന്നതെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കുമോ ;

(സി) വാമനപുരം നിയോജക മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച എത്ര കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഇവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; എത്ര തുക വീതം ; ഇനി എത്ര പേർക്ക് എത്ര തുക കുടിശ്ശികയായി നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി കർഷകർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും പ്രസ്തുത അപേക്ഷകളിൽ കൃഷി വകുപ്പ് എങ്ങനെയാണ് തീർപ്പ് കൽപ്പിക്കുന്നതെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly